**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 375** **23-06-2026-ൽ മറുപടിയ്ക്ക്**

**കോന്നി ഫയർസ്റ്റേഷൻ നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കോന്നിയിൽ അനുവദിച്ച ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**മറുപടി:** കോന്നി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വനം വകുപ്പിൽ നിന്നും ലഭ്യമാക്കാമെന്ന് അറിയിച്ചിരുന്ന കോന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 33 സർവ്വെ നമ്പർ 59/3 ൽപ്പെട്ട 40 സെന്റ് സ്ഥലം റിസർവ്വ് ഫോറസ്റ്റ് ആയി പ്രഖ്യാപിച്ചതിനാൽ പരിവേഷ് പോർട്ടലിൽ നിന്നും വനം വകുപ്പ് ഡീ-ലിസ്റ്റ് ചെയ്തിരുന്നു. അതിന് പകരമായി വനം വകുപ്പിൽ നിന്നും കോന്നി വില്ലേജിൽ ബ്ലോക്ക് 33-ൽ സർവ്വേ നമ്പർ 59/3-ൽ പ്പെട്ട തട്ടുകളായി കിടക്കുന്ന 24.08 സെന്റ് സ്ഥലം നിർദ്ദേശിച്ചിരുന്നുവെങ്കിലും ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണത്തിന് പര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ വേറെ സ്ഥലം ലഭ്യമാകുമോ എന്നും പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**